ശ്രീ. സി. അച്യുതമേനോൻ : മദ്രാസിൽ പൊതുവെ വിനോദനികുതി യുണ്ടെങ്കിലും നാടകങ്ങളെ ഒഴിവാക്കിയിട്ടുണ്ടെന്നു് മനസ്സിലാക്കാൻ കഴിയുന്നു. അതുപോലെ ഇവിടെയും നാടകങ്ങളെ ഒഴിവാക്കണമെന്നു നിവേദനം ലഭിച്ചിട്ടുണ്ടോ ; അക്കാര്യം പരിഗണിക്കുമോ ?

ശ്രീ. കെ. എ. ദാമോദരമേനോൻ : എല്ലെങ്കിലും പ്രത്യേക കലാപരിപാടികൾക്കു് വിനോദനികുതി ബാധകമാക്കേണ്ടെന്നു് ലോക്കൽ ബോഡിസിനു് തീരുമാനിക്കാമല്ലോ. അതുകൊണ്ടു് അക്കാര്യത്തിൽ വിഷമമില്ല.

Mr. Speaker : Question No. 8. A similar question has been already answered.

ഖാദിബോർഡിലും ഹാൻഡി ക്രാഫ്റ്റ്സ് ബോർഡിലും ഉള്ള നിയമനം

* 568. [9] ശ്രീമതി കുസുമം : താഴെ കാണുന്ന ചോദ്യങ്ങൾക്കു് വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവണ്മെന്റു് അധികാരത്തിൽ വന്നതിനുശേഷം ഖാദി ബോർഡിലും, ഹാൻഡിക്രാഫ്റ്റ്സ് ബോർഡിലും 400 രൂപയ്ക്കു മേൽ ശമ്പളത്തിൽ നിയമിച്ചവരുടെ പേരുവിവരം അടങ്ങുന്ന ലിസ്റ്റ് മേശപ്പുറത്തു വയ്ക്കുമോ ;

(ബി) ഈ നിയമനങ്ങളം ലഭിച്ചവരിൽ ഗവണ്മെന്റു സർവ്വീസിൽ നിന്നും പെൻഷൻപറ്റി പിരിഞ്ഞവർ ആരെല്ലാം ;

(സി) അവർ ഗവണ്മെന്റിൽ വാങ്ങിയിരുന്ന ശമ്പളവും ഇപ്പോൾ ഓരോരുത്തരും വാങ്ങുന്ന ശമ്പളവും അടങ്ങുന്ന ഒരു ലിസ്റ്റ് മേശപ്പുറത്തു വയ്ക്കുമോ ?

വ്യവസായവകുപ്പുമന്ത്രി (ശ്രീ. കെ. എ. ദാമോദരമേനോൻ):

(എ) ഖാദിബോർഡിൽ ശ്രീ. എം. വൈ. സ്വാമിനാഥനെ ഫിനാൻഷ്യൽ അഡ്വൈസറും ചീഫ് അക്കൗണ്ട്സ് ആഫീസറുമായി നിയമിച്ചിട്ടുണ്ടു്. കേന്ദ്രഗവണ്മെന്റുദ്യോഗസ്ഥനായ അദ്ദേഹത്തെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലാണു് നിയമിച്ചിട്ടുള്ളതു്. ഹാൻഡിക്രാഫ്റ്റ് അഡ്വൈസറി ബോർഡിൽ നിയമനം നടത്തിയിട്ടില്ല.

(ബി, സി) ചോദ്യം ഉദിക്കുന്നില്ല.

എഴുകോൺ വില്ലേജ് ഹരിജൻ കോളനി.

* 569. [10] ശ്രീ. ടി. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ഹരിജനക്ഷേമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര താലൂക്കിൽ എഴുകോൺ വില്ലേജ്ഹരിജൻകോളനി സബ്ഡിവിഷൻ ചെയ്തുകൊടുത്തിട്ടുണ്ടോ;

(ബ) ഇല്ലെങ്കിൽ അതിനുള്ള കാരണമെന്തു്;

(സി) പ്രസ്തുത കോളനിനിവാസികൾക്കു് ഒരു ശ്മശാനം വേണമെന്നു കാണിച്ചു നിവേദനം ലഭിച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ അതിനുള്ള നടപടി എന്തായി?

ഹരിജനക്ഷേമവകുപ്പുമന്ത്രി (ശ്രീ. കെ. കുഞ്ഞമ്പു):

(എ,ബി) എഴുകോൺ ഹരിജൻ കോളനിയിലെ സബ്ഡിവിഷൻ സർവ്വെ ജോലി നടന്നുകൊണ്ടിരിക്കുകയാണു്.

(സി,ഡി) നിവേദനം ലഭിച്ചിട്ടില്ല. സബ്ഡിവിഷൻ ചെയ്യുന്ന തോടുകൂടി ശ്മശാനത്തിനും മറ്റു പൊതുആവശ്യങ്ങൾക്കുമായി 2 ഏക്കർ സ്ഥലം പ്രത്യേകം അളന്നുതിരിച്ചിട്ടുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly